**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2947** **03-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത വാഹനങ്ങൾക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത വാഹനങ്ങൾ വാങ്ങുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കുമോ; പെട്രോൾ, ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകുമോ; വ്യക്തമാക്കുമോ? | (എ) | ഇലക്ട്രിക്ക് വാഹന നയത്തിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങൾക്ക് പകരം വൈദ്യുതി/ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു. അതിനായി ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി എന്നിവയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുണ്ട്. 01/04/2020 മുതൽ പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. (GO(P)No.21/2020/Trans dated, 22/04/2020 in SRO No.284/2020). 01/04/2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട് (GO(P)No.12/2021/Trans dated, 23/02/2021 in SRO No.231/2021). കൂടാതെ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000/- രൂപ വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ Rule 2(4)-ൽ പറയുന്ന "Battery Operated" വാഹനങ്ങളെ 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ സെക്ഷൻ 66-ൽ നിഷ്കർഷിച്ചിട്ടുള്ള പെർമിറ്റുകളിൽ നിന്നും ഒഴിവാക്കികൊണ്ടും 18-10-2018-ൽ കേന്ദ്രസർക്കാർ SO 5333(E) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ